ലേക്കു നടത്തിയ മാർച്ച് ഉദ്ഘാടന  രൻ എന്നിവർ പ്രസംഗിച്ചു.

# 'ഉണർവ്' രണ്ടാം പതിപ്പിന് തുടക്കം

തിരുവനന്തപുരം● ശ്രീകാര്യത്തെ എനർജി മാനേജ്മെന്റ് സെന്റർ വിദ്യാർഥികൾക്കും അധ്യാപകർക്കുമായി നടത്തുന്ന ഊർജ സംരക്ഷണ ബോധവൽക്കരണ പരിപാടി ഉണർവ് രണ്ടാം പതിപ്പിന് തുടക്കമായി.

പദ്ധതിയുടെ ഭാഗമായി അധ്യാപകർക്കും കുട്ടികൾക്കും സെന്റർ സന്ദർശിച്ച് ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കാം. ഊർജ സംരക്ഷണ ക്ലാസുകളും സംഘടിപ്പിക്കും. പദ്ധതിയുടെ രണ്ടാം ഘട്ടം മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

വെഞ്ഞാറമൂട് ഗവ. യുപിഎസ് , നേമം ഗവ. യുപിഎസ്, പാറയ്ക്കൽ ഗവ. യുപിഎസ്, വെട്ടുകാട് മിസ്റ്റിക്കൽ റോസ് സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

കഴിഞ്ഞ വർഷം പരിസ്ഥിതി ദിനത്തിൽ തുടക്കമിട്ട ഉണർവ് ഒന്നാം പതിപ്പിൽ 64 സ്കൂളുകളിൽ നിന്ന് 4,400 പേരാണ് എനർജി മാനേജ്മെന്റ് സെന്റർ സന്ദർശിച്ചത്.

രണ്ടാം ഘട്ട ഉദ്ഘാടന ചടങ്ങിൽ വൈദ്യുതി മന്ത്രി കെ.കൃഷ്ണൻകുട്ടി, ഇഎംസി ഡയറക്ടർ ഡോ.ആർ.ഹരികുമാർ, രജിസ്ട്രാർ സുഭാഷ് ബാബു, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫിസർ സിന്ധു എസ് കുമാർ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി മീഡിയ അഡൈ്വസർ ചന്ദ്രശേഖര റെഡ്ഡി എന്നിവർ പ്രസംഗിച്ചു.